**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2583 **06.02.2018** -ലെ മറുപടിക്ക്

**<u>ജപ്തി നടപടികൾ നേരിടുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ ആവശ്യങ്ങൾക്കായി പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത്, ആയത് തിരിച്ചടയ്ക്കാൻ സാധിയ്ക്കാതെ ജപ്തി നടപടികൾ നേരിടുന്ന എത്ര കേസ്സുകൾ നിലവിലുണ്ട്; | (എ) | 3551 |
| (ബി) | ഇതിൽ പട്ടികജാതിക്കാരുടേത് എത്രയെണ്ണമെന്നും പട്ടിക വർഗ്ഗക്കാരുടേത് എത്ര യെണ്ണമെന്നും അറിയിക്കുമോ; | (ബി) | പട്ടികജാതി - 3500<br>പട്ടികവർഗ്ഗക്കാർ - 51 |
| (സി) | ജപ്തി നടപടികൾ നേരിടുന്നവരെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) യും (ഡി) യും | സർക്കാർ ഉത്തരവ് (പി) നം.118/2016 ധന. തീയ്യതി 20.08.2016 കടാശ്വാസ പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ജപ്തി ഭീഷണി നേരിടുന്ന വായ്പകളിലും കടാശ്വാസം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം അഞ്ചു ലക്ഷം രൂപ വരെയുള്ള വായ്പകളിലെ വായ്പ തുകയുടെ ഇരട്ടിയോ അതിലധികമോ തിരിച്ചടവ് വന്നിട്ടുള്ള വായ്പകളിൽ ശേഷിക്കുന്ന തുക പൂർണ്ണമായും എഴുതിത്തള്ളുന്നു. കൂടാതെ വായ്പാ തുകയും അതിന്റെ പകുതി തുകയും |
| (ഡി) | ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | തിരിച്ചടച്ചിട്ടുള്ളവർക്ക് ശേഷിക്കുന്ന തുക 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടക്കാവുന്ന വിധത്തിൽ പുന: ക്രമീകരിച്ച് നല്കുന്നു.<br>പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ജില്ലകളിൽ സംഘടിപ്പിക്കുന്ന റവന്യൂ റിക്കവറി അദാലത്തുകളിൽ പങ്കെടുത്ത് വായ്പാ കണക്ക് അവസാനിപ്പിക്കുന്ന ഗുണ ഭോക്താക്കൾക്ക് 31.03.2017-ന ശേഷമുള്ള 2% പിഴപ്പലിശയും നോട്ടീസ് ചാർജ്ജും പൂർണ്ണമായി ഒഴിവാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ